# മറയൂരിലെ മറയില്ലാക്കാഴ്ചകൾ

കോനാട്ട് സത്യൻ

ശിലായുഗജീവിതരീതിയുടെ സ്മരണകൾ ഉറങ്ങുന്ന മുനിയറകൾ...

കരിമ്പിൻ കൂട്ടത്തിന്റെ നിരകൾ...

വഴിയോരത്ത് പൂത്തുലഞ്ഞ ഇല്ലിക്കാടുകൾ...

തഴച്ചുവളരുന്ന ചന്ദനമരങ്ങൾ...

ഹരിതാഭക്ക് മുകളിൽ വെള്ള വിരിപ്പിട്ട മഞ്ഞിൻകൂടാരങ്ങൾ......

അങ്ങകലെ മലനിരകളിലെ ആദിവാസി കുടിലുകളിൽ നിന്ന് തെളിയുന്ന മണ്ണെണ്ണ വിളക്കിന്റെ നറുങ്ങു പ്രകാശം......

ഇത് മറയൂരിലെ മറയില്ലാക്കാഴ്ചകൾ.

ആനമലയുടെ താഴ്‌വരയിൽ തമിഴ്നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന മനോഹരമായ ഗ്രാമം മറയൂർ. പഞ്ചപാണ്ഡവന്മാരുടെ വനവാസ കാലം കൊണ്ട് അനുഗ്രഹീതമായ പുണ്യഭൂമിയാണിതെന്ന് വിശ്വസിക്കപ്പെടുന്നു. മറഞ്ഞിരുന്ന ഊർ കാലക്രമേണ 'മറയൂരായി' രൂപാന്തരപ്പെട്ടു.

ഏതൊരു സഞ്ചാരിയേയും പ്രലോഭിപ്പിക്കുന്ന കാഴ്ചയുടെ സുന്ദരഭൂമിയാണിവിടം. മേൽത്തരം ശർക്കരയ്ക്കു പ്രശസ്തമായ മറയൂർ.

മറയൂരിലെ ജീവിതങ്ങൾക്ക് ഗോത്രവർഗ്ഗപാരമ്പര്യമുണ്ട്. അദ്ധ്വാനത്തിന്റെ കറയില്ലാത്ത കരുത്തുണ്ട്.

## ഒരല്പം ചരിത്രം

മൈസൂർ രാജാവായ ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് പാണ്ഡ്യരാജ്യമായ മധുരയിലും ആക്രമണമുണ്ടായി. പടയെടുപ്പിനെ ഭയന്ന് ആ പ്രദേശത്തെ അവശരായ ജനങ്ങൾ ആത്തൂർ, അരിയാപുരം എന്നീ സ്ഥലങ്ങളിൽ കുടിയേറുകയും, ഒരു വിഭാഗം മലകൾ ലക്ഷ്യമാക്കി നീങ്ങുകയും മറയൂർ ഗ്രാമത്തിൽ എത്തിച്ചേരുകയും ചെയ്തു. അങ്ങിനെ എത്തിച്ചേർന്നവർ മറയൂരിലുള്ള അഞ്ചുനാട്ടിൽ പാറയിൽ ഒത്തുചേരുകയും നാനാമതസ്ഥരും ജാതിക്കാരുമായിരുന്ന അവർ 'പാലിൽ' സത്യം ചെയ്ത് ഒരു ജാതിക്കാരായിത്തീരുകയും ചെയ്തു.

പിന്നീട് ജീവിതമാർഗ്ഗം തേടി അഞ്ചായി പിരിയുകയും അഞ്ചുനാടുകളായ കാരയൂർ, കീഴാന്തൂർ, കാന്തല്ലൂർ, കൊട്ടക്കുടി, മറയൂർ, എന്നീ സ്ഥലങ്ങളിൽ താമസിക്കുകയും ഭരണകർത്താക്കളായി മന്ത്രി-മന്നാടി-പെരിയധനം എന്നീ അധികാരികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഇവർക്ക് സേതുലക്ഷ്മിഭായി തമ്പുരാട്ടി തോക്കും-വാളും നൽകുകയുണ്ടായി. ഇന്നും വാളും-തോക്കും സൂക്ഷിക്കുന്ന ഭരണ പാരമ്പര്യത്തിൽപ്പെട്ടവർ ഈ മറയൂർ ഗ്രാമത്തിലുണ്ട്.



## മറയൂർ ഇന്ന്

വർത്തമാനകാലം വഴിവെട്ടിയ പരാധീനതകൾ ഇന്ന് മറയൂരിന്റെ സൗന്ദര്യത്തിൽ കരി പൂശിയിരിക്കുന്നു.

ഇരുളിന്റെ മറവിൽ കടപുഴകി വീഴുന്ന ചന്ദനമരങ്ങൾ.

ഉരുമ്പെടുക്കുന്ന കരിമ്പിൻ ചക്കുകൾ. ആദിവാസിയെ പ്രസാദിപ്പിച്ച് കാടുവെട്ടി ചുവടുറപ്പിക്കുന്ന അഭിനവത്തമ്പുരാക്കന്മാർ.

അങ്ങനെ കാലം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിന്റെ പശ്ചിമഘട്ടത്തിന്റെ കിഴക്കു ചെരുവിൽ - ദേവികുളം താലൂക്കിൽ 108.07 ച.കി. മീറ്റർ വിസ്തീർണ്ണമുള്ള മറയൂർ ഗ്രാമപഞ്ചായത്തിന്റെ എട്ട് വാർഡുകളിലായി പതിനായിരത്തിൽപരം ജനങ്ങൾ - മലയിടുക്കിലൂടെ ലാഭക്കണ്ണുമായി കടന്നെത്തുന്ന അധികാരികളെ ഉറ്റുനോക്കുന്നു.

മഴനിഴൽ താഴ്‌വാരങ്ങളിലെ ദേവവൃക്ഷങ്ങൾക്ക് കാലദോഷം വിധിച്ച് ഇലയനക്കം പോലുമറിയിക്കാതെ കാടിന്റെ ഹൃദയങ്ങളിലേക്ക് വലിയ ചന്ദനമരങ്ങൾ കടപുഴകി വീഴ്ത്താൻ വമ്പന്മാർ തൈരുമോരുമായി കാടു കയറുന്നു.

ഈർച്ചവാളിൽ തൈരൊഴിച്ച് മരമറുത്താൽ ശബ്ദമുണ്ടാകില്ല എന്ന ശാസ്ത്രമവർ കണ്ടെത്തിയിരിക്കുന്നു.

തമിഴ്നാട് അതിർത്തിയിലെ വനത്തിലൂടെയെത്തുന്ന ചന്ദനക്കൊള്ളക്കാരുടെ വട്ടവാളിന് മുന്നിൽ പുണ്യവൃക്ഷങ്ങൾ സാഷ്ടാംഗം പ്രണമിക്കുകയാണ്.

അധികാരകേന്ദ്രങ്ങൾ മറിഞ്ഞുവീഴുന്ന ചന്ദനമരങ്ങളെ മുറിച്ചുമാറ്റാൻ അനുമതി പത്രം നൽകി തമ്പടിച്ചുനിൽക്കുന്നതിനാൽ ചന്ദനമരങ്ങളുടെ പൂർണ്ണമായ നാശം ആസന്നമാണ്.

വിനോദസഞ്ചാര വികസനത്തിന് അനുയോജ്യമായ എല്ലാ ഘടകങ്ങളുമുള്ള മറയൂരിലെ ചെറുപ്പക്കാരുടെ യൗവ്വനം ചന്ദനക്കൊള്ളയുടെ പേരിൽ ജയിലറകളിൽ തളക്കപ്പെടുമ്പോൾ നിയമത്തിന്റെ പിടിയിൽപ്പെടാതെ സമർത്ഥരായ കാട്ടുകൊള്ളക്കാർ കാട്ടിൽ നിന്ന് മറയുന്നു.